പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 27    11.06.2012-ൽ മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണമെന്ന് സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; | | (എ)യും (ബി)യും<br>ആദ്യ ഗസറ്റഡ് തസ്തികയിലോ അതിനു മുകളിലുള്ളതോ ആയ തസ്തികകളിൽ ഉൾപ്പെടുന്ന സാങ്കേതികേതര തസ്തികകളുടെ 25% വരുന്ന കേഡർ സ്ട്രെങ്ത്തോടെ 'കേരള സിവിൽ സർവ്വീസ്' രൂപീകരിക്കാൻ മൂന്നാം കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ 9-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. എന്നാൽ വിശദമായ ചർച്ചയും കൂടിയാലോചനയും ആവശ്യമായ വിഷയമായതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| സി) നിലവിൽ ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്ത് കുറവ് അനുഭവപ്പെടുന്നുണ്ടോ ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തിന് അവശ്യമായ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണവും നിലവിലുള്ള ഒഴിവുകളും വ്യക്തമാക്കുമോ ; | (ഡി) | സംസ്ഥാനത്തിന് അവശ്യമായ ഐ.എ.എസ് ഉദ്യോഗസ്ഥരുടെ എണ്ണം - 164. ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നവരുടെ എണ്ണം - 96. |
| ഇ) | ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ളവർക്കും സെക്രട്ടേറിയറ്റ് സർവ്വീസിലെ അർഹരായവർക്കും പ്രൊമോഷൻ നൽകി ഐ.എ.എസ് കേഡറിൽ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (ഇ) | ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| എഫ്) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | (എ), (ബി) ചോദ്യങ്ങളുടെ മറുപടിയുടെ വെളിച്ചത്തിൽ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ